കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19- വികസന ഫണ്ടിന്റെ മൂന്നാം ഗഡു പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചത് നൽകിയത് - ചില പ്രാദേശിക സർക്കാരുകളിൽ നിന്ന് വെള്ളക്കരം ഇനത്തിൽ ഈടാക്കുന്ന തുക - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്

സ.ഉ.(സാധാ) നം. 10081/2018/ധന. തീയതി, തിരുവനന്തപുരം, 07 ഡിസംബർ 2018

പരാമർശം. 1) സ.ഉ.(സാധാ) നം. 9858/2018/ധന തീയതി 29/11/2018

2) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 05/10/2018 ലെ KWA/HO/RMC/R6/166/18 -ാം നമ്പർ കത്ത്

3) KSEB ലിമിറ്റഡ് ചീഫ് ഇന്റേണൽ ഓഡിറ്റിംഗ് ഓഫീസറുടെ 09/11/2018 ലെ ഇ- മെയിൽ സന്ദേശം.

ഉത്തരവ്

2018-19 ൽ പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിന്റെ 3-ാം ഗഡുവായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം ₹1751,78,31,006/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പ്രാദേശിക സർക്കാരുകൾ കേരള ജല അതോറിറ്റിക്കും കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും അടയ്ക്കാനുള്ള വെള്ളക്കരത്തിന്റേയും ഇലക്ട്രിസിറ്റി ചാർജിന്റേയും കുടിശ്ശിക തുകയുടെ 25% അതാത് പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും 25% പൊതു ആവശ്യ ഫണ്ടിൽ നിന്നും ഈ വർഷത്തെ ധനാനുമതിയിൽ നിന്നും തിരിച്ച് പിടിച്ച് കേരള ജല അതോറിറ്റിയുടേയും കേരള ഇലക്ട്രിസിറ്റി ബോർഡിന്റേയും ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കര ഇനത്തിൽ ₹70,32,86,353/- രൂപയും ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 13406450/- രൂപയുമാണ് തിരിച്ച് പിടിക്കാൻ ഉത്തരവായിട്ടുള്ളത്.

2) ഇ. എം .എസ് ഭവന വായ്പ കുടിശ്ശിക, അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, അമൃത് പദ്ധതി, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയുടെ തിരിച്ചടവിനായി പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വികസന ഫണ്ടിന്റെ 3ാം ഗഡുവിൽ നിന്നും തുക കുറവ് ചെയ്തപ്പോൾ ചില പ്രാദേശിക സർക്കാരുകളുടെ പൊതു വിഭാഗം ഫണ്ടിനേക്കാൾ ടി തുക അധികരിക്കുകയുണ്ടായി. പ്രസ്തുത പ്രാദേശിക സർക്കാരുകളുടെ കാര്യത്തിൽ വെള്ളക്കരമായി തിരിച്ച് പിടിക്കേണ്ട തുകയിൽ കുറവ് വരുത്തി മൊത്തം തിരിച്ചടവ് തുക അനുവദിച്ച പൊതു

വിഭാഗം തുകയേക്കാൾ അധികരിക്കാത്ത വിധം ക്രമപ്പെടുത്താനും വെള്ളക്കരത്തിന്റെ ബാക്കി തുക അടുത്ത വർഷത്തെ ധനാനുമതിയിൽ നിന്ന് തിരിച്ച് പിടിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു :

i. വികസന ഫണ്ടിലെ പൊതു വിഭാഗം തുകയെക്കാൾ മൊത്തം തിരിച്ചടവ് തുക അധികമായിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ കാര്യത്തിൽ വെള്ളക്കരമായി തിരിച്ച് പിടിക്കേണ്ട തുകയിൽ കുറവ് വരുത്തി ചുവടെ വിശദീകരിച്ചിട്ടുള്ള തരത്തിൽ കേരള ജല അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(തുക രൂപയിൽ)

പ്രാദേശിക സർക്കാർ	കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക	ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം	
			കേരള ജല അതോറിറ്റി
ഗ്രാമ പഞ്ചായത്ത്	155873698	**Name of Bank**	SBI Kowdiar Branch
ബ്ലോക്ക് പഞ്ചായത്ത്	79683		
ജില്ലാ പഞ്ചായത്ത്	1927634	**Account Name**	FM & CAO, Kerala Water Authority, Trivandrum
മുനിസിപ്പാലിറ്റി	190321397		
മുനിസിപ്പൽ കോർപ്പ റേഷൻ	320386391	**Account No.**	67142475443
ആകെ	**668588803**	**IFS Code**	SBIN0070020

വെള്ളക്കരത്തിന്റെ തിരിച്ചടവ് തുകയിൽ മാറ്റം വരുത്തിയിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ii. കേരള ജല അതോറിറ്റിക്ക് നൽകുന്ന തുക KSEB ലിമിറ്റഡിന് നൽകാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക തീർക്കുന്നതിനുമാത്രമേ ഉപയോഗിക്കാവൂ.

4) പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
വനിത ശിശുക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്റ്റാർ, തിരുവനന്തപുരം
മാനേജർ ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ഡി.ഡി.ഒ, ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1014729)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

അനുബന്ധം – I ഗ്രാമ പഞ്ചായത്തുകൾ

(തുക രൂപയിൽ)

നമ്പർ	പ്രാദേശിക സർക്കാർ കോഡ്	പ്രാദേശിക സർക്കാർ	അനുവദിച്ച പൊതു വിഭാഗം തുക	കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട ഭേദഗതി ചെയ്ത കുടിശ്ശിക തുക	പൊതു വിഭാഗത്തിൽ അനുവദിക്കുന്ന അറ്റ തുക
1	G020202	വെസ്റ്റ് കല്ലട	4231000	3705400	525600
2	G020801	തെക്കുംഭാഗം	5330000	4979600	350400
3	G040501	പുറക്കാട്	7817334	7072734	744600
4	G040502	അമ്പലപ്പുഴ സൗത്ത്	4788666	4194588	591300
5	G040701	മുട്ടാർ	2437334	2196242	240900
6	G041205	ആറാട്ടുപുഴ	9582000	8705648	876000
7	G070103	ഏഴിക്കര	3881334	3465234	416100
8	G071004	മഴുവന്നൂർ	6938000	6259100	678900
9	G071101	പൈങ്ങോട്ടൂർ	3767666	3417266	350400
10	G071206	പാമ്പാകുട	3681334	3309034	372300

അനുബന്ധം – II ബ്ലോക്ക് പഞ്ചായത്തുകൾ - ഇല്ല

അനുബന്ധം – III ജില്ലാ പഞ്ചായത്തുകൾ - ഇല്ല

അനുബന്ധം – IV മുനിസിപ്പാലിറ്റികൾ

നമ്പർ	പ്രാദേശിക സർക്കാർ കോഡ്	പ്രാദേശിക സർക്കാർ	അനുവദിച്ച പൊതു വിഭാഗം തുക	കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട ഭേദഗതി ചെയ്ത കുടിശ്ശിക തുക	പൊതു വിഭാഗത്തിൽ അനുവദിക്കുന്ന അറ്റ തുക
1	M070600	നോർത്ത് പറവൂർ	9397000	8718100	678900

അനുബന്ധം V – മുനിസിപ്പൽ കോർപ്പറേഷനുകൾ

നമ്പർ	പ്രാദേശിക സർക്കാർ കോഡ്	പ്രാദേശിക സർക്കാർ	അനുവദിച്ച പൊതു വിഭാഗം തുക	കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട ഭേദഗതി ചെയ്ത കുടിശ്ശിക തുക	പൊതു വിഭാഗത്തിൽ അനുവദിക്കുന്ന അറ്റ തുക
3	C070100	കൊച്ചി	188841666	161869051	23364687

സെക്ഷൻ ഓഫീസർ.